# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3777** **21.06.2018-ൽ മറുപടിയ്ക്ക്**

**<u>കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി</u>**

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിക്കാമോ; | (എ) | കെ .എസ്.എഫ്.ഇ പ്രവാസി ചിട്ടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br>1. പ്രവാസികൾക്ക് നാട്ടിൽ ഒരു സുരക്ഷിത ജീവിതം പ്രദാനം ചെയ്യുന്ന തരത്തിൽ സാമ്പത്തികസുരക്ഷിതത്വം ഉണ്ടാക്കാനായി കെ.എസ്.എഫ്.ഇ ചിട്ടികളുടെ സേവനം അവർക്ക് ലഭ്യമാക്കുക. ഓൺ ലൈൻ ആയി ഈ ചിട്ടികൾ ലഭ്യമാക്കുന്നതു വഴി പ്രവാസരാജ്യത്ത് വസിച്ചുകൊണ്ടു തന്നെ ചിട്ടിയിൽ ചേരാനും മാസത്തവണകൾ അടയ്ക്കാനും ലേലത്തിൽ പങ്കെടുക്കാനും അവർക്ക് കഴിയും.<br>2. കിഫ്ബിയും കെ.എസ്.എഫ്.ഇ യും തമ്മിലുള്ള കൊടുക്കൽ വാങ്ങൽ സംവിധാനത്തിലൂടെ പ്രവാസികളുടെ സമ്പാദ്യം സുരക്ഷിതമാക്കുന്നതിനൊപ്പം അത് സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കാനും ഉപയുക്തമാക്കുക. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ സമാഹരിക്കുന്ന തുക എന്ത് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; | (ബി) | പ്രസ്തുത പദ്ധതിയിലൂടെ ലഭ്യമാകുന്ന ഫ്രീ ഫ്ലോട്ട് തുക കേരള സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങൾക്ക്, പ്രത്യേകിച്ചും അടിസ്ഥാന വികസനാവശ്യങ്ങൾക്ക് ഉപയുക്തമാക്കാനാണ് ഉദ്ദേശിക്കുന്നത്. മലയോര ഹൈവേ, തീരദേശ ഹൈവേ തുടങ്ങി കേരളത്തിന്റെ മുഖച്ഛായ മാറ്റുന്ന പദ്ധതികൾക്ക് ഇതിൽ നിന്നും പണം കണ്ടെത്താനാകും. |
| (സി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പദ്ധതിയുടെ സോഫ്റ്റ് വെയർ പ്രകാശനം ബഹു. മുഖ്യമന്ത്രി 18/06/2018 ന് നിർവഹിക്കുകയുണ്ടായി. അധികം താമസിയാതെ തന്നെ പൂർണ്ണമായ അർത്ഥത്തിൽ ഈ പദ്ധതി ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**